# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം
e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.24/3056/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം,

ഇ-മെയിൽ -dompm.ksad@kerala.gov.in

ഫോൺ 0483 2734951

തീയതി. 21-12-2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

ഇരുവ്വൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഇരുവ്വൂർ ഗ്രാമ പഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരുവ്വൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

എം.എ

നം കെ എസ് എ.എം.പി.എം 24/3056/2016

തിയ്യതി: 21-12-2016

## മലപ്പുറം ജില്ലയിലെ ഇവ്വർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഇവ്വർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ സാമ്പത്തിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24.05.2016 മുതൽ 24.10.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 2016 സെപ്റ്റംബർ മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. |
|---|---|
| 24838 | 100 |
| 24839 | 84 |
| 24840 | 70 |
| 24841 | 100 |
| 24842 | 27 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.10 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 25.10.2016 മുതൽ 05.11.2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.ടി.പി.അബ്ദുൽ ജലീൽ | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.മുഹമ്മദ് സലീം.ടി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ.യൂസഫ്.പി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

പ്രസിഡണ്ട് :

ശ്രീമതി.സലീമ സലാഹുദ്ദീൻ 01.04.2015 മുതൽ 30.10.2015 വരെ

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 01.11.2015 മുതൽ 17.11.2015 വരെ

ശ്രീ. ടി.ബാലകൃഷ്ണൻ 18.11.2015 മുതൽ 31.03.2016 വരെ

സെക്രട്ടറി :

ശ്രീ.എം.വി.മോഹനൻ. 01.04.2015മുതൽ 31.03.2016 വരെ

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ :

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.എം.പി.ജോസ് | 01.04.2015മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ബിജ്ജല ബാലൻ | 01.04.2015മുതൽ 25.01.2016 വരെ |
| | ശ്രീ.ലിജ്ജ അബ്രഹാം | 26.01.2016 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ. | ശ്രീ.രാകേഷ്.എ.പി. | 01.04.2015മുതൽ 06.05.2015 വരെ |
| | ശ്രീ.ജയപ്രകാശ്. | 06.07.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ശാന്തകുമാരി | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.അബ്ദുന്നാസർ നെട്ടുവഞ്ചേരി | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.മിഥു കെ.തമ്പി | 01.04.2015മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.ലീനാ കെ.നായർ | 01.04.2015മുതൽ 31.03.2016 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.ഹഫ് സത്ത് | 01.04.2015മുതൽ 31.03.2016 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |
| 8 | ക്ഷേമപദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) | |
| 11 | അനുബന്ധ പത്രികകൾ | 1(11) | |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | വസ്തു നികുതി കുടിശ്ശിക പിരിവ് - പിഴപ്പലിശ ഈടാക്കിയില്ല | 2(1) | |
| 2 | മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ചില്ല | 2(2) | |
| 3 | അനധികൃത കെട്ടിട നിർമ്മാണം -ഫീൽഡ് പരിശോധന നടത്തുന്നില്ല | 2(3) | |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | വസ്തുനികുതി പരിഷ്ക്കരണത്തിനായി രജിസ്ററുകൾ വാങ്ങൽ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 3(1) | |
| 2 | ഭാഗികമായ പ്രവൃത്തികൾ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കി. | 3(2) | |
| 3 | വിജയഭേരി പ്രൊജക്റ്റ് -സബ്സിഡി മാനദണ്ഡം പാലിച്ചില്ല. | 3(3) | |
| 4 | പണിസ്ഥലത്ത് ഗ്രാനൈറ്റ് ബോർഡ് വെച്ചു. 63100 രൂപയുടെ അധികച്ചെലവ്. | 3(4) | |
| 5 | പൊതുമരാമത്ത് പ്രവൃത്തി നടത്തിപ്പിലെ പൊതുവായ അപാകതകൾ | 3(5) | |
| 6 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല. | 3(6) | |
| 7 | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബ്ലോക്ക് പഞ്ചായത്ത് വിഹിതം മുഴുവനായി വിനിയോഗിച്ചില്ല. | 3(7) | |
| 8 | അംഗനവാടി പോഷകാഹാരം - ലഭ്യമായ കേന്ദ്രാവിഷ്കൃത ഫണ്ട് മുഴുവൻ വിനിയോഗിച്ചില്ല. | 3(8) | |

| | | | |
|---|---|---|---|
| 9 | പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല. | 3(9) | |
| 10 | ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ സംബന്ധിച്ച്. | 3(10) | |
| 11 | എം.എൻ ലക്ഷംവീട് പദ്ധതി പൂർത്തുകരിച്ചില്ല. | 3(11) | |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |
| 6 | ഓഡിറ്റ് റിക്കവറി | 4(6) | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) | |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) | |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) | |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-2016.വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 23.03.2015തിയതിയിലെ ::ാം നമ്പർ തീരുമാനപ്രകാരം

അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 22.7.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 25.10.2016 മുതൽ 4.11.2016 വരെ | ഈ റിപ്പോർട്ടിന്റെ അനുബന്ധം |

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

*വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ*

1. വസ്തു നികുതി ഡിമാന്റ്-പിരിവ്- ബാലൻസ് കണക്കുകൾ പൂർത്തിയാക്കിയിട്ടില്ല.

2. 2014-15 വാർഷികക്കണക്ക് പ്രകാരം താമസേതര കെട്ടിട വസ്തുനികുതി കുടിശ്ശിക ഇല്ല. എന്നാൽ 2015-16 വാർഷികക്കണക്ക് പ്രകാരം ഈ ഇനത്തിൽ 9746 രൂപ പിരിവുണ്ട്.

3. kLGSDP ഗ്രാന്റിൽ തൻവർഷം എ.സി. ആർ പ്രകാരം വരവില്ല. എന്നാൽ വാർഷികക്കണക്ക് പ്രകാരം 2000561 രൂപ വരവുണ്ട്.

4. സി.എഫ്.സി ഗ്രാന്റിൽ തൻവർഷം എ.സി. ആർ പ്രകാരം വരവ് 3922275 രൂപയാണ്.എന്നാൽ വാർഷികക്കണക്ക് പ്രകാരം 4311249 രൂപ യാണ്.

5. പൊതുവിഭാഗം വികസനഫണ്ട് തൻവർഷ അലോട്ട്മെന്റിൽനിന്നും ചെലവഴിച്ച 9769224 രൂപയാണ് വാർഷികക്കണക്കിൽ വരവെടുക്കേണ്ടിയിരുന്നതെങ്കിലും 7324237 രൂപയാണ് വരവെടുത്തിട്ടുള്ളത്.

6. ബജറ്റ് ഫങ്ഷൻ - ഫങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12855212 |
| വരവ് | 40146917 |
| ആകെ | 53002129 |
| ചെലവ് | 47296444 |
| നീക്കിയിരിപ്പ് | 5705685 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കി ബാക്കി സർക്കാർ പിൻവലിച്ചത് | നീക്കി ബാക്കി RP40b പ്രകാരം |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1227500 | 9527173 | (+) 2444987 | 13199660 | 10996724 | 2202936 | 0 |
| വികസനഫണ്ട് എസ്.സി.പി. | 242 | 6397000 | 0 | 6397242 | 6304572 | 92670 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 17000 | 0 | 17000 | 17000 | 00 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 323 | 4764000 | 0 | 4764323 | 4629426 | 134897 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 21215 | 3044000 | 0 | 3065215 | 2459179 | 606036 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 639170 | 4311249 | (-) 388974 | 4561445 | 4561445 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3133000 | 2000561 | (-) 2056013 | 5133561 | 3077548 | 0 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 8511510 | 0 | 8511510 | 8507934 | 3576 | 0 |
| ബി ഫണ്ട് | 0 | 27099969 | 0 | 27099969 | 27099969 | 0 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 179 | 57634001 | 174 | 39389456 | 0 | 5 | 97 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ : ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം11.7ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2498489 | 2151201 | 347288 | (-) 14 |
| നികുതിയേതര വരവുകൾ | 704822 | 567714 | 137108 | (-) 19 |
| മറ്റുവരവുകൾ | 0 | 110570 | 110570 | - |
| ആകെ | 3203311 | 2829485 | 373826 | (-) 11.7 % |

നികുതി വരവിലും നികുതിയേതര വരവിലും മുൻ വർഷത്തെ അപേക്ഷിച്ച് ഗണ്യമായ കുറവ് സംഭവിച്ചിക്കുണ്ട്. ലഭിക്കാനുള്ള ഫീസുകളും നികുതികളും കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്. യഥാസമയം ഡിമാന്റ് ചെയ്യാത്തതിനാൽ പിന്നീട് 3 വർഷത്തിനുശേഷം നിയമപരമായി ഡിമാന്റ് നിലനിൽക്കാത്ത അവസ്ഥവരാതെ സൂക്ഷിക്കേണ്ടതുമാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 277180 | 134 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2542710 | 347 |
| വിധവാപെൻഷൻ | 11162880 | 1291 |
| വാർദ്ധക്യകാലപെൻഷൻ | 8962515 | 1134 |
| വികലാംഗപെൻഷൻ | 3319415 | 294 |
| അവിവാഹിത പെൻഷൻ | 576080 | 74 |
| പെൺമക്കളുടെ വിവാഹധനസഹായം | 250000 | 9 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.10.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 32,511/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1. വസ്തു നികുതി ഡിമാന്റ് , കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ പൂർത്തിയാക്കിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.09.2016 | 08/2016 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.12.07 മുതൽ 02.01.08 വരെ | 2002-03 (സപ്ലിമെന്ററി ഓഡിറ്റ്) | എൽ.ബി.എ.(എച്ച്.ക്യൂ)/ II/8B-301/450 തിയ്യതി.22.02.2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി കുടിശ്ശിക പിരിവ് - പിഴപ്പലിശ ഈടാക്കിയില്ല

വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്ന അവസരത്തിൽ കേരളാ പഞ്ചായത്ത് രാജ് നിയമം 203(15), 209 (ഇ) വകുപ്പുകൾ പ്രകാരം പ്രതിമാസം 1% നിരക്കിൽ പിഴപ്പലിശ ഈടാക്കേണ്ടതുണ്ട്. ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30വരെയും ഒക്ടോബർ 1 മുതൽ മാർച്ച് 31വരെയുമാണ് അർദ്ധവർഷങ്ങൾ

കേരളാ പഞ്ചായത്ത് രാജ് നിയമം , വകുപ്പ് 203(15) പ്രകാരം ഓരോ അർദ്ധ വർഷത്തേയും വസ്തു നികുതി, അർദ്ധ വർഷത്തിന്റെ അവസാന ദിവസമോ അതിനു മുമ്പോ ഒടുക്കേണ്ടതുണ്ട്. ഒടുക്കാത്ത പക്ഷം അർദ്ധ വർഷം അവസാനിച്ച തൊട്ടടുത്ത ദിവസം മുതൽ പിഴ ബാധകമാവുന്നതാണ്.

കുടിശ്ശിക മുഴുവനായും അടച്ചു തീർക്കുകയാണെങ്കിൽ പിഴപ്പലിശ ഇളവ് നൽകി കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. ബന്ധപ്പെട്ട അർദ്ധ വർഷത്തേതുൾപ്പെടെ കുടിശ്ശിക അടയ്ക്കുമ്പോൾ മാത്രമാണ് സർക്കാർ ഉത്തരവ് പ്രകാരമുള്ള ഇളവിന് അർഹത വരുന്നത്.

താഴെ പറയുന്നവരിൽ നിന്നും വസ്തു നികുതി കുടിശ്ശിക ഈടാക്കിയതിനോടൊപ്പം പിഴപ്പലിശ ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | രശീതി നം / തീയതി | തുക | നികുതി ദായകന്റെ വിവരം | കുടിശ്ശിക വിവരം | പിഴപ്പലിശ ഈടാക്കേണ്ടത് | ഈടാക്കിയ പിഴപ്പലിശ | കുറവ് |
|---|---|---|---|---|---|---|---|
| 1 | 71/24838 | 2760 (2510 +125 +125) | TP13/33D | 2014-15 വർഷ | 352 | 00 | 352 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 27.05.2016 | | ശ്രീ.കോട്ടയിൽ അബ്ദുൽ റഷീദ് | നികുതി 11405103014/ 9.01.15 രശീതി പ്രകാരം ഒടുക്കിയതിൽ വന്ന കുറവ് | | | |
| 2 | 72/24838 28.05.2016 | 16085 (14623+731+731) | TP 15/108J ശ്രീ.പറവെട്ടി റഫീഖ് | 2015-16 വർ ഷ നികുതി 11505102012 / 01.12.15 രശീതി പ്രകാരം ഒടുക്കിയതിൽ വന്ന കുറവ് | 293 | 00 | 293 |
| 3 | 73/24838 28.05.2016 | 15239 (13853+ 693 +693) | TP 15/108U ശ്രീ.പറവെട്ടി റഫീഖ് | 2015-16 വർഷ നികുതി 11505102022 / 01.12.15 രശീതി പ്രകാരം ഒടുക്കിയതിൽ വന്ന കുറവ് | 278 | 00 | 278 |
| 4 | 78/24838 03.06.2016 | 20784 (18637+ 925+1222) | TP 12/746 മുതൽ 765വരെ ശ്രീ.പറവെട്ടി നഫീസ മുതൽ പേർ | 2013-14 വർഷ നികുതി 113051003922, 11305100411/ 20.07.13 രശീതി പ്രകാരം ഒടുക്കിയതിൽ വന്ന കുറവ് | 5032 | 00 | 5032 |
| 5 | 79/24838 06.06.2016 | 16527 (15031+748+748) | ശ്രീ.പറവെട്ടി നഫീസ മുതൽ പേർ | 2014-15 വർ ഷ നികുതി 31.03.2015 തിയ്യതിയിലെ 55118/ 14,15,16,17, 22,24,25, 28,30,33,42 എന്നീ രശീതികൾ പ്രകാരം ഒടുക്കിയതിൽ വന്ന കുറവ് | 2255 | 00 | 2255 |
| 6 | 92/24838 06.06.2016 | 1292 (384*3+20*3+20*3) | TP12/231 ശ്രീ. കിളിയത്ത് സുനീർ ബാബു | 2013-14, 2014-15, 2015-16 | 219 | 20 | 199 |
| 7 | 42/24839 18.10.2016 | 225 [100*2+5*2+5*2+5(NC)] | TP 02/431 ശ്രീ. അബ്ദുസ്സലാം | 2014-15, 2015-16 (2016-17 ഒന്നാം അർദ്ധ | 32 | 00 | 32 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | വർഷം ഒടുക്കിയിട്ടില്ല) | | | |
| 8 | 55/24839 18.10.2016 | 599 [180*3+9*3+9*3+5(NC)] | TP 02/382 ശ്രീ. സത്യൻ | 2013-14, 2014-15, 2015-16 (2016-17 ഒന്നാം അർദ്ധ വർഷം ഒടുക്കിയിട്ടില്ല) | 119 | 00 | 119 |
| 9 | 59/24839 20.10.2016 | 320 [144*2+8*2+8*2] | TP 15/397 ശ്രീ.ഷാജഹാൻ | 2013-14, 2015-16 (2016-17 ഒന്നാം അർദ്ധ വർഷം ഒടുക്കിയിട്ടില്ല)2014-15 നികുതി 11405102601രശീതി പ്രകാരം ഒടുക്കി | 78 | 00 | 78 |
| 10 | 61/24839 20.10.2016 | 545 [162*3+9*3+9*3+5(NC)] | TP 12/111 ശ്രീ.മാഞ്ചേരി അലവി | 2013-14, 2014-15, 2015-16 (2016-17 ഒന്നാം അർദ്ധ വർഷം ഒടുക്കിയിട്ടില്ല) | 107 | 00 | 107 |
| 11 | 62/24839 20.10.2016 | 449 [134*3+7*3+7*3+5(NC)] | TP 7/295 ശ്രീമതി.മേരി പുളിക്കൽ | 2013-14, 2014-15, 2015-16 (2016-17 ഒന്നാം അർദ്ധ വർഷം ഒടുക്കിയിട്ടില്ല) | 89 | 00 | 89 |
| 12 | 57/24840 14.10.2016 | 416 [123*3+7*3+7*3+5(NC)] | TP 12/166ശ്രീ. മാനോത്ത് അയ്യപ്പൻ | 2013-14, 2014-15, 2015-16 (2016-17 ഒന്നാം അർദ്ധ വർഷം ഒടുക്കിയിട്ടില്ല) | 82 | 00 | 82 |
| 13 | 66/24840 19.10.2016 | 393 [176*2+9*2+9*2+5(NC)] | TP 12/446 ശ്രീ.സുന്ദരൻ കോട്ടയിൽ | 2014-15, 2015-16 (2016-17 ഒന്നാം അർദ്ധ വർഷം ഒടുക്കിയിട്ടില്ല) | 57 | 00 | 57 |
| 14 | 01/24841 06.08.2016 | 388 [176*2+9*2+9*2] | TP 15/12 ശ്രീ.അലവി | 2015-16 | 15 | 00 | 15 |
| 15 | 37/24841 07.09.2016 | 1598 [1452+73+73] | TP 15/140 ശ്രീ പറവട്ടി മുഹമ്മദ് | 2015-16 | 131 | 00 | 131 |
| 16 | 38/24841 07.09.2016 | 545 [495+25+25] | TP 15/143 ശ്രീ പറവട്ടി മുഹമ്മദ് | 2015-16 | 45 | 00 | 45 |
| 17 | 39/24841 07.09.2016 | 1688 [(660+33+33)+ (449+23+23)+ (423+22+22)] | TP 15/144,145,146 ശ്രീ പറവട്ടി മുഹമ്മദ് | 2015-16 | 138 | 00 | 138 |

| | | | | | | | |
|---|---|---|---|---|---|---|---|
| 18 | 40/24841 07.09.2016 | 810 [(88+5+5)+ (151+8+8)+ (495+25+25)] | TP 15/147,148,149 ശ്രീ പറവട്ടി മുഹമ്മദ് | 2015-16 | 67 | 00 | 67 |
| 19 | 41/24841 07.09.2016 | 2240 [(1386+70*70)+ (648+33+33)] | 15/150,151 ശ്രീ പറവട്ടി മുഹമ്മദ് | 2015-16 | 184 | 00 | 184 |
| 20 | 42/24841 07.09.2016 | 1848 [840*2+42*2+42*2] | 14/234 ശ്രീമതി കോർമത്ത് ആസ്യ | 2015-16 | 76 | 00 | 76 |
| 21 | 81/24841 01.10.2016 | 430 [195*2+10*2+10*2] | TP 12/86 സെയ്തലി | 2014-15, 2015-16 (2016-17 ഒന്നാം അർദ്ധ വർഷം ഒടുക്കിയിട്ടില്ല) | 63 | 00 | 63 |
| 22 | 84/24841 01.10.2016 | 916 [393*2+20*2+20*2] | TP 7/187A ശ്രീ.അബ്ദുൽ റഷീദ് | 2013-14, 2014-15, (2015-16; 2016-17 ഒന്നാം അർദ്ധ വർഷം ഒടുക്കിയിട്ടില്ല) | 221 | 50 | 171 |
| 23 | 99/24841 07.10.2016 | 330 [149*2+8*2+8*2] | TP 12/86 ഇല്ലിക്കൽ മുഹമ്മദ് | 2014-15, 2015-16 (2016-17 ഒന്നാം അർദ്ധ വർഷം ഒടുക്കിയിട്ടില്ല) | 48 | 00 | 48 |
| 24 | 100/24841 07.10.2016 | 880 [400*2+20*2+20*2] | TP 13/455 ശ്രീ. ഇ.കെ. ഷംസുദ്ദീൻ | 2014-15, 2015-16 (2016-17 ഒന്നാം അർദ്ധ വർഷം ഒടുക്കിയിട്ടില്ല) | 128 | 00 | 128 |
| 25 | 14/24842 21.10.2016 | 377 [168*2+9*2+9*2+ (5NC)] | TP 12/457 ശ്രീമതി. ഫാത്തിമ സുഹറ | 2014-15, 2015-16 (2016-17 ഒന്നാം അർദ്ധ വർഷം ഒടുക്കിയിട്ടില്ല) | 54 | 00 | 54 |
| 26 | 16/24842 24.10.2016 | 260 [118*2+6*2+6*2] | TP 12/326 ശ്രീമതി. കുണ്ടിൽ ജമീല | 2014-15, 2015-16 (2016-17 ഒന്നാം അർദ്ധ വർഷം ഒടുക്കിയിട്ടില്ല) | 38 | 00 | 38 |
| 27 | 19/24842 24.10.2016 | 188 [84*2+5*2+5*2] | TP 12/387 ശ്രീ.അബ്ദുള്ള | 2014-15, 2015-16 (2016-17 ഒന്നാം അർദ്ധ വർഷം ഒടുക്കിയിട്ടില്ല) | 27 | 00 | 27 |
| 28 | 24/24842 24.10.2016 | 528 [240*2+12*2+12*2] | TP17/778 ശ്രീമതി. സൈനബ | 2014-15, 2015-16 (2016-17 ഒന്നാം അർദ്ധ വർഷം ഒടുക്കിയിട്ടില്ല) | 77 | 00 | 77 |

| | | | |
|---|---|---|---|
| ആകെ | 10,305 | 70 | 10,235 |

പട്ടികയിൽ നൽകിയ ക്രമ നമ്പറുകളിൽ ഏതെങ്കിലും എണ്ണത്തിന് പിഴപ്പലിശ ഇളവിന് അർഹതയുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് 10/ 03.11.2016നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നഷ്ടത്തുക 10,235 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല

2015-16 വർഷം വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്ന നിലയിൽ 82 എണ്ണത്തിന് വസ്തു നികുതി നിർണ്ണയിച്ചിട്ടുണ്ട്. തൻ വർഷം 295 കച്ചവട/വ്യാപാര സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുത്തിട്ടുമുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം 205(ബി) വകുപ്പ് പ്രകാരം വാണിജ്യാവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. 2015-16 ലെയും മുൻ വർഷങ്ങളിലെയും വാണിജ്യാവശ്യത്തിനു വസ്തു നികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് എടുത്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നോട്ടീസ് നൽകിയിട്ടില്ല. 37 സ്ഥാപനങ്ങൾക്ക് മാത്രമാണ് നോട്ടീസ് നൽകിയിട്ടുള്ളത്.

ഇപ്രകാരം നോട്ടീസ് നൽകാത്തതിനാൽ ധാരാളം സ്ഥാപനങ്ങൾ തൊഴിൽ നകുതി ചുമത്തപ്പെടാതിരിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടത്തിനും കാരണമാകുന്നു. വാണിജ്യാവശ്യത്തിനു വസ്തു നികുതി നിർണ്ണയിച്ച മുഴുവൻ കെട്ടിടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് എടുത്ത മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കുന്നതിന് നോട്ടീസ് നൽകേണ്ടതും വിവരങ്ങൾ സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെടുത്തി തൊഴിൽ നികുതി ചുമത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-3 അനധികൃത കെട്ടിട നിർമ്മാണം കണ്ടെത്തുന്നതിന് ഫീൽഡ് പരിശോധന നടത്തുന്നില്ല.

2015-16 വർഷം 137 കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവത്ക്കരണം നടത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് കരസ്ഥമാക്കാതെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗിനു വേണ്ടി ഗ്രാമ പഞ്ചായത്തിനെ സമീപിക്കുന്ന സമയത്ത് റെഗുലറൈസേഷൻ ഫീ ഈടാക്കി ക്രമവത്ക്കരണം നടത്തിയതാണ് ഇതിലെ ഭൂരിഭാഗവും. ബാക്കിയുള്ളവ കൂട്ടി ചേർക്കൽ ക്രമവത്ക്കരണം നടത്തിയതാണ്. 2011ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2014ലെ അനധികൃത കെട്ടിട നിർമ്മാണം ക്രമവത്ക്കരണ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഫീൽഡ് പരിശോധന കൂടി അനിവാര്യമാണ്. ഇപ്രകാരം ഫീൽഡ് പരിശോധന നടത്തുന്നതിന് യാതൊരു നടപടിയും ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച് കാണുന്നില്ല. ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വസ്തുനികുതി പരിഷ്കരണത്തിനായി രജിസ്ററുകൾ വാങ്ങൽ - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

സ ഉ (എം എസ് നം20/2011/ത സ്വ ഭ വ തി 14.01.2011 പ്രകാരമുള്ള വസ്തുനികുതി പരിഷ്കരണത്തിനായി കഞ്ചിക്കോട്ടുള്ള ഗ്രിഹലക്ഷ്മി മുദ്രാലയത്തിൽ നിന്നും താഴെ പറയും പ്രകാരം 9399 രൂപക്ക് രജിസ്ററുകൾ വാങ്ങിയിട്ടുണ്ട് (ഡി ഡി നം 464368/തി.20.01.2012) (വൗച്ചർ നം 542/11-12) തി.20.01.12

| രജിസ്ററിന്റെ പേര് | യൂനിറ്റ് ചെലവ് | വാങ്ങിയ അളവ് | നൽകിയതുക |
|---|---|---|---|
| വസ്തുനികുതി റിട്ടേൺ രജിസ്റ്റർ | 60 | 25 | 1500 |

| | | | |
|---|---|---|---|
| വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ | 115 | 25 | 2875 |
| വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ | 165 | 25 | 4125 |
| വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ(അനധികൃതമായി നിർമ്മിച്ചവയ്ക്ക് ) | 60 | 1 | 60 |
| വസ്തുനികുതി റിമിഷൻ രജിസ്റ്റർ | 60 | 1 | 60 |
| ആകെ | | | 8620 |
| വാറ്റ്, പാക്കിംഗ് ചാർജ്ജ്, എഡ്യൂ. സെസ്സ് ഉൾപ്പെടെ 8620+ 779 = 9399 രൂപ | | | |

എന്നാൽ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ ഗ്രാമപഞ്ചായത്തിന് ലഭ്യമായതായി കാണുന്നില്ല. ആയത് സ്റ്റോക്ക് രജിസ്റ്ററിലും ചേർത്തിട്ടില്ല.തന്മൂലം ഗ്രാമപഞ്ചായത്തിന് 3135 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് (2875+ 260( വാറ്റ്, പാക്കിംഗ് ചാർജ്ജ്, എഡ്യൂ. സെസ്സ് ഉൾപ്പെടെ )=3135) ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും മറുപടി ലഭ്യമാക്കിയിട്ടില്ല(നം 28/ 24.02.2015)വസ്തുനികുതി രജിസ്ററർ ലഭ്യമാക്കുകയോ നഷ്ടതുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 3-2 ഭാഗികമായ പ്രവൃത്തികൾ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കി.

1)വാരിയത്ത് SC കോളനി കുടിവെള്ള പദ്ധതി;(135/15),

അടങ്കൽ: 500000 രൂപ.

കൺവീനർ: വെളുത്ത വാരിയത്ത്.

കരാർ : 54/14-15/8-1-15

അളവ് പുസ്തകം: 79/14-15

ചെലവ്: 499702 രൂപ.

മൂല്യനിർണ്ണയം- 499702

(-)14-15 200000

ബാക്കി 299702 (ട്രഷറി ബിൽ നംപർ 36/15-16/11-9-15)

(-)നികുതി 16964

കൺവീനർക്ക് 282738

അപാകതകൾ

a)കിണർ കുഴിച്ച് റിങ്ങ് വാർത്ത് കിണറിന് മുകളിൽ സ്ഥാപിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കി ആയത് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ,പൈപ്പ് ലൈൻ സ്ഥാപിക്കൽ, ടാങ്ക്സ്ഥാപിക്കൽ മോട്ടോർസ്ഥാപിക്കൽ മുതലായ അനുബന്ധ പ്രവൃത്തികൾ ചെയ്യാത്തതിനാൽ പദ്ധതിയിൽ നിന്ന് നാളിതുവരെ കുടിവെള്ളം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ലയെന്ന് 3-11-2016 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൻ നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി. ഭാഗികമായി പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

b) കിണർ കുഴിച്ചിട്ടുള്ളത് ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണ്. എന്നാൽ ഈ സ്ഥലം ഗ്രാമപഞ്ചായത്തിന് വിട്ട് നൽകിയതിന്റെ രേഖകൾ ലഭ്യമല്ല.

c) കിണർ കുഴിച്ചതിന് താഴെ പറയും പ്രകാരമാണ് തുക നൽകിയത്.

15% hard soil @ 2064.08/10m3 = 309.61

50% ordinary rock @4288.38/10m3 = 2144.19

355 medium rock @4777.50/10m3 = 1672.13

total 4125.92 ie 4126/10m3.

എന്നാൽ, സാധാരണ മണ്ണുള്ള( ordinary soil) ഒരു വയലിലാണ് (പള്ള്യാൽ) കിണർ കുഴിച്ചതെന്ന് 3-11-2016 ന്

ഓവർസീയറുടെ സാന്നിദ്ധ്യത്തിൻ നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

1)നെടുമ്പെട്ടിക്കുന്ന് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ(138/15),

| | |
|---|---|
| അടങ്കൽ: | 600000 രൂപ. |
| കൺവീനർ: | സക്കീർ കെ. |
| കരാർ : | 2/14-15/10-4-14 |
| അളവ് പുസ്തകം: | 2/14-15 |
| ചെലവ് : | 600000 രൂപ. |
| മൂല്യനിർണ്ണയം- | 600000 |
| (-)14-15 | 520003 |
| ബാക്കി | 79997 (ട്രഷറി ബിൽ നംപർ 36/15-16/11-9-15) |
| (-)നികുതി | 4528 |
| കൺവീനർക്ക് | 75469രൂപ. |

അപാകതകൾ

1)KWA യുടെ വാട്ടർ ടാങ്കിൽ നിന്നും കുടിവെള്ളം ലഭ്യമാക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്.ആയത് പ്രകാരം 2075 മീറ്റർ നീളത്തിൽ PVC പൈപ്പ് (63 mm: 1595 മീറ്റർ,50 mm: 480 മീറ്റർ) സ്ഥാപിച്ചിട്ടുണ്ട്.എന്നാൽ ടാപ്പ് കണക്ഷൻ നൽകുന്നതിന് provision വെക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. DRW പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി പൂർത്തീകരിക്കുമെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറയുന്നുണ്ടെങ്കിലും അപ്രകാരവും ചെയ്തിട്ടില്ല (ചില വ്യക്തികൾ സ്വന്തം നിലയിൽ ടാപ്പ് കണക്ഷൻ എടുത്തതായി 3-11-2016 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൻ നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി.) അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്

## 3-3 വിജയഭേരി പ്രൊജക്റ്റ് -സബ്സിഡി മാനദണ്ഡം പാലിച്ചില്ല.

ഹെഡ് മാസ്റ്റർ 2015-16-ൽ നിർവ്വഹണം നടത്തിയ വിജയഭേരി -3/16- എന്ന പ്രൊജക്റ്റിന്റെ നിർവ്വഹണത്തിനായി വികസന ഫണ്ട് 110000 രൂപ വകയിരുത്തുകയും ബിൽ നമ്പർ 5/26.3.16 പ്രകാരം 40000 പിൻവലിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിലെ 6 സ്കൂളുകൾക്ക് താഴെ പറയുന്ന പ്രകാരം പാഠോപകരണങ്ങൾ വിതരണം ചെയ്തതിന്റെ വിലയായി സൈനാസ് കുടുംബശ്രീ എന്ന സ്ഥാപനത്തിന്ന നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കൂൾ | നോട്ട് ബുക്ക് @20 | പേന @ 10 | പെൻസിൽ @ 5 | സ്കെയിൽ @ 10 |
|---|---|---|---|---|---|
| 1 | തറക്കൽ എ.യു.പി. സ്കൂൾ | 300 | 200 | 200 | 100 |
| 2 | എ.എം.എൽ.പി സ്കൂൾ, അക്കരപ്പുറം | 180 | 120 | 120 | 60 |
| 3 | ജി.എൽ.പി സ്കൂൾ,മാമ്പുഴ | 180 | 120 | 120 | 60 |
| 4 | ജി.എൽ.പി സ്കൂൾ,ഉവ്വൂർ | 300 | 200 | 200 | 100 |
| 5 | ജി.എൽ.പി സ്കൂൾ,അക്കരക്കുളം | 120 | 80 | 80 | 40 |
| 6 | ജി.എൽ.പി സ്കൂൾ,മുണ്ടക്കോട് | 120 | 80 | 80 | 40 |
| | ആകെ എണ്ണം | 1200 | 800 | 800 | 400 |
| | ആകെ വില | 24000 | 8000 | 4000 | 4000 |

സർക്കാർ ഉത്തരവ് (എം.എസ്)362/13 തസ്വഭവ/16.11.13 അനുബന്ധം 16 ഖണ്ഡിക 2.2,2.3,3.9 എന്നിവ പ്രകാരം വിദ്യാർത്ഥികൾക്ക് നോട്ടുപുസ്തകം ഉൾപ്പെടെയുള്ള പഠനോപകരണങ്ങൾ വിതരണം ചെയ്യാൻ പാടില്ല. ഉത്തരവിലെ നിർദ്ദേശങ്ങളുടെ ലംഘനം ഗുരുതരമായ വീഴ്ച്ചയായി കണക്കാക്കുന്നതാണ്.ആയതിനാൽ പഠനോപകരണങ്ങൾ വിതരണം ചെയ്യാൻ ആധാരമാക്കിയ അനുമതി രേഖ ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.സാധൂകരണം ലഭ്യമാക്കുന്നത് വരെ 40000 രൂപ തടസ്സം ചെയ്യുന്നു

## 3-4 പണിസ്ഥലത്ത് ഗ്രാനൈറ്റ് ബോർഡ് വെച്ചു. 63100 രൂപയുടെ അധികച്ചെലവ്.

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

2015-16 ൽ 112 മരാമത്ത് പ്രവൃത്തികൾ അസി. എഞ്ചിനീയർ നടപ്പിലാക്കിയിട്ടുണ്ട്.ആയതിൽ മിക്കവയും ബഹുവർഷ പദ്ധതികളും(2014-15& 15-16) 14-15 ൽ തന്നെ പൂർത്തിയാക്കിയതുമാണ്. ഈ പ്രവൃത്തികളിൽ 21 എണ്ണത്തിന് മാത്രം പ്രവൃത്തിയുടെ വിശദാംശം ഉൾപ്പെടുത്തി ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ സാധാരണ ബോർഡിന് പകരം 3500 രൂപ നിരക്കിൽ ഗ്രാനൈറ്റ് ബോർഡ് ആണ് സ്ഥാപിച്ചിട്ടുള്ളത്.എന്നാൽ, 2014-15,15-16 വർഷങ്ങളിൽ MGNREGSപ്രവൃത്തികൾക്ക് 400 രൂപ നിരക്കിലാണ് ബോർഡ് സ്ഥാപിച്ചിട്ടുള്ളത്.400 രൂപക്ക് ബോർഡ് സ്ഥാപിക്കാമെന്നിരിക്കേ 3500 രൂപ ചെലവഴിച്ചത് ശരിയായ നടപടിയല്ല. ബോർഡ് സ്ഥാപിച്ച 4 പദ്ധതി സ്ഥലങ്ങൾ 3-11-2016 ന് ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തിയെങ്കിലും അത്തരത്തിലുള്ള ബോർഡ് കണ്ടെത്താനും കഴിഞ്ഞില്ല. ആയതിനാൽ ഈയിനത്തിൽ അധികം ചെലവഴിച്ച 63100 രൂപ അതാത് പ്രവൃത്തികളുടെ കൺവീനർമാരിൽ നിന്നീടാക്കേണ്ടതാണ്.

## 3-5 പൊതുമരാമത്ത് പ്രവൃത്തി നടത്തിപ്പിലെ പൊതുവായ അപാകതകൾ

2015-16 ൽ ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വാർഷിക പദ്ധതി ചെലവിന്റെ 68ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് വിനിയോഗിച്ചതെന്ന് കാണുന്നു . തനതു വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് വകയിരുത്തി അസി.എഞ്ചിനീയർ നിർവ്വഹണം നടത്താൻ 139 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി. ഒരു അസി.എഞ്ചിനീയർ,(തുവ്വൂർ &എടപ്പറ്റ ഗ്രാമപഞ്ചായത്ത് ക്ളസ്റ്റർ) ഒരു ഓവർസിയർ ഉൾപ്പെടുന്ന എൽ എസ് ജി ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്ന വിഷയമാണ്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ പദ്ധതികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ എന്നിവയിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നതായി കണ്ടു. വിശദാംശം താഴെ ചേർക്കുന്നു.

1.റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നു

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2.റോഡ് കോൺക്രീറ്റിംഗ്: അപാകതകൾ

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള

വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. ഗ്രാമ പഞ്ചായത്ത് തൽവർഷം നടപ്പാക്കിയ 14 പ്രോജക്ടുകൾ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിന് മാത്രമുള്ളതാണ് എന്ന് വ്യക്തമാവുന്നു.മൂന്ന് മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറ്റിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്. വീതി 3 മീറ്ററിൽ താഴെയുള്ള നടപ്പാതകളിൽ പൂർണ്ണമായും കോൺക്രീറ്റിംഗാണ് നിർവ്വഹിക്കുന്നത് എന്ന് കാണുന്നു. സബ് ബേസ് സൂങ്ങ്തനിംഗ് ഉറപ്പ് വരുത്തിയ ശേഷവും 1:2:4 കോൺക്രീറ്റിംഗ് ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരമുള്ള 7.5 മീ. കനത്തിൽ അധികം വ്യാപകമായ തോതിൽ നിർവ്വഹിക്കുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങൾ ഒരുക്കാതെ നിർമ്മാണത്തിനും മെയിന്റെനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് വ്യാപകമാക്കുന്നത് അധിക പാഴ്ചെലവിനു കാരണമാകുന്നു. റോഡ് കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

3. ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനത്തിലെ അപാകതകൾ

2015-16 ലെ മുഴുവൻ മരാമത്ത് പ്രവൃത്തികളും ഗുണഭോക്തൃസമിതി മുഖേനയാണ് നടപ്പിലാക്കിയിരിക്കുന്നത്. എന്നാൽ, മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഗുണഭോക്തൃ സമിതികളുടെ സംഘാടനപരമായ കഴിവും സാമ്പത്തിക ശേഷിയും ഒരു തലത്തിലും പരിശോധിക്കപ്പെടുന്നില്ല.

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്‌പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം ഭാഗികമായി മാത്രമാണ് നടപ്പാക്കിയിരിക്കുന്നത്.(ഗ്രാനൈറ്റ് ബോർഡ് വെച്ച് അധികച്ചെലവ് വന്നത് സംബന്ധിച്ച പ്രത്യേക പരാമർശം ഈ റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.) കോൺട്രാക്ടറുടെ/കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ്‌പ്ലേ ബോർഡ് സ്ഥാപിക്കാൻ എസ്റ്റിമേറ്റിൽ തുക വകയിരുത്താനും ചെലവഴിക്കാനും മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളതാണ്. റോഡുകൾ നിർമ്മിക്കുമ്പോൾ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലെ നിർദ്ദേശ പ്രകാരമുള്ള ബോർഡുകൾ വയ്ക്കണമെന്ന് തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014നമ്പർ സർക്കുലറിലും കർശന നിർദ്ദേശം നൽകിയതാണ്. ഗുണഭോക്തൃ കമ്മറ്റികൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് നടപടി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ തദ്ദേശഭരണ വകുപ്പിന്റെ 4.3.2013 ലെ 1047/DA1/2013 ലെ സർക്കുലറിലും വ്യക്തമാക്കിയത് നടപ്പിലാക്കേണ്ടതാണ്.

4.ഗുണഭോക്തൃ സമിതികളുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തുന്നില്ല.

ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ചെലവ് കണക്കാക്കുന്നത് എസ്റ്റിമേറ്റിനെ അടിസ്ഥനമാക്കിയുള്ള എഞ്ചിനീയറുടെ മൂല്യനിർണ്ണയ തുക, സമിതിക്ക് ചെലവായത് ഇവയിൽ കുറവായ തുകയാണ് അനുവദിക്കാൻ നിർദ്ദേശമുള്ളത്. നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ സമിതി സൂക്ഷിക്കുന്ന മുഴുവൻ മെറ്റീരിയൽ പർച്ചേസ് ബില്ലുകളും തൊഴിലാളികൾക്ക് കൂലി വിതരണവുമായി ബന്ധപ്പെട്ട മസ്റ്റർറോളും സൂക്ഷ്മ പരിശോധന നടത്തി യഥാർത്ഥ ചെലവ് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

7.മുഴുവൻ പ്രവർത്തികളും നിർവഹിക്കാനാവുന്നില്ല.

പ്രോജക്ടുകളുടെ എണ്ണം കൂടുതലായത് പല പ്രോജക്ടുകളും ഫലപ്രദമായ രീതിയിൽ നിർവഹിക്കാനാവുന്നില്ല എന്ന് വ്യക്തമാക്കുന്നു.നടപടിക്രമങ്ങൾ പൂർത്തികരിച്ച് പ്രോജക്ട് തയ്യാറാക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടും ,തൻവർഷം 6 പ്രോജക്ടുകൾ ഉപേക്ഷിച്ചതായും21 പ്രോജക്ടുകൾ മാറ്റിവെച്ചതായും കാണുന്നു.ഇപ്രകാരം ഉപേക്ഷിച്ച/മാറ്റിവെച്ച പ്രോജക്ടുകൾ തുടർന്നുള്ള വർഷങ്ങളിൽ സ്പിൽ ഓവറായി നിർവഹിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

8.പർച്ചേസുകൾക്ക് ടാക്സ് ഇൻവോയ്സ് വാങ്ങുന്നില്ല.

കൺവീനർ പ്രവർത്തികളുടെ ഭാഗമായി വാങ്ങുന്ന സിമന്റ്, കമ്പി,പൈപ്പ്, മോട്ടോർ എന്നിവയുടെ ടാക്സ് ഇൻവോയ്സ് വാങ്ങുന്നില്ല എന്ന് കാണുന്നു.യഥാർത്ഥ ബിൽ ഇല്ലാതെ ഇപ്രകാരം ഉപകരണങ്ങൾ വാങ്ങുന്നത് വ്യാപകമാണ്.ഇപ്രകാരമുള്ള നടപടികൾ വാങ്ങുന്ന ഉപകരണങ്ങളുടെ പ്രവർത്തന ക്ഷമതയെയും, വാറന്റി ക്ളെയിമുകളെയും സാരമായി ബാധിക്കുന്നതാണ്.

9.ഭാഗികമായി പ്രവർത്തികൾ ചെയ്യുന്നു.

കുടിവെള്ള പദ്ധതികളുടെ നിർവഹണം ആസൂത്രണത്തിലെയും നിർവഹണത്തിലെയും പാളിച്ചകൾ കൊണ്ട് മുടങ്ങികിടക്കുന്ന അവസ്ഥയിലാണ്.ഓഡിറ്റിന്റെ ഭാഗമായി 2 കുടിവെള്ള പ്രോജക്ടുകളുടെ നിർമാണ പ്രവർത്തി സന്ദർശിച്ചു. വാരിയത്ത് SC കോളനി കുടിവെള്ളപദ്ധതിക്കായി 499702 രൂപ ചെലവഴിച്ച് കിണർ കുഴിച്ചിട്ടുണ്ട്. നെടുമ്പെട്ടിക്കുന്ന് കുടിവെള്ളപദ്ധതി പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രവൃത്തിക്ക് 600000 രൂപ ചെലവഴിച്ചെങ്കിലും ടാപ്പ് കണക്ഷൻ നൽകിയിട്ടില്ല. സർക്കാർ ഫണ്ട് വ്യക്തമായ ആസൂത്രണമോ, മുൻഗണനാ ക്രമമോ പാലിക്കാതെയാണ് വിനിയോഗിക്കപ്പെടുന്നത് എന്നും .വ്യക്തമായ ദിശാ ബോധമില്ലാതെയാണ് എഞ്ചിനീയറിങ്ങ് വിങ്ങ് പ്രവർത്തികളുടെ മേൽനോട്ടം നിർവഹിക്കുന്നത് എന്നും പറയാതെ വയ്യ.എഞ്ചിനീയറിങ്ങ് വിങ്ങിൽ മതിയായ ജീവനക്കാരില്ലാത്തതും ഇതിനുള്ള ഒരുകാരണമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ നോക്കേണ്ടതുമാണ്.

## 3-6 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല.

2015-16 ൽ 586340 രൂപ താഴെ പറയും പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ തിരികെ നൽകാനുണ്ട്.

| വർഷം | തുക |
|---|---|
| 1990 | 6000 |
| 2003 | 14052 |
| 2004 | 43915 |
| 2006 | 22323 |

| | |
|---|---|
| 2007 | 37089 |
| 2008 | 204704 |
| 2009 | 135425 |
| 2010 | 41625 |
| 2011 | 16450 |
| 2012 | 21235 |
| 2013 | 22531 |
| 2014 | 20991 |
| ആകെ | 586340 |

മേൽ തുകയിൽ നിയമപരമായി കാലാവധി കഴിഞ്ഞവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. എ.എഫ്.എസ്. ബി7 ഷെഡ്യൂൾ പ്രകാരം 590840 രൂപയാണ് ഈയിനത്തിലുള്ളത്. വ്യത്യാസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 3-7 ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്-ബ്ലോക്ക് പഞ്ചായത്ത് വിഹിതം മുഴുവനായി വിനിയോഗിച്ചില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് (നമ്പർ 164/16) എന്ന പ്രൊജക്റ്റിന്ന ഗ്രാമ പഞ്ചായത്ത് 248450 രൂപ വികസനഫണ്ടും 125000 രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും 125000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും വകയിരുത്തിയാണ് പ്രൊജക്റ്റ് തയ്യാറാക്കിയത്.തൻവർഷം ഈ ആവശ്യത്തിന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം 225000 രൂപ താഴെ പറയും പ്രകാരം ലഭ്യമായതായി കാണുന്നു.

1. 100000 രൂപ ഡി.ഡി.നമ്പർ947680/8.4.2015

2. 125000 രൂപ ഡി.ഡി.നമ്പർ922776/14.3.16

വകയിരുത്തിയ വികസനഫണ്ട മുഴുവനായും ചെലവഴിച്ചെങ്കിലും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 124225 രൂപ മാത്രമേ തൻവർഷം ഈ ആവശ്യത്തിന്ന വിനിയോഗിച്ചിട്ടുള്ളൂ. തൻവർഷം വിനിയോഗിച്ചിട്ടില്ലാത്ത ബ്ലോക്ക് പഞ്ചായത്ത് വിഹിതം തുടർന്നുള്ള പ്രൊജക്റ്റിൽ ഉൾക്കൊള്ളിച്ച് വിനിയോഗിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്തിന്ന വിനിയോഗസാക്ഷ്യപത്രം നൽകേണ്ടതുമാണ്.

## 3-8 അംഗനവാടി പോഷകാഹാരം - ലഭ്യമായ കേന്ദ്രാവിഷ്കൃത ഫണ്ട് മുഴുവൻ വിനിയോഗിച്ചില്ല.

അംഗനവാടി പോഷകാഹാരം (നമ്പർ 114/16) എന്ന പ്രൊജക്റ്റിന്ന ഗ്രാമ പഞ്ചായത്ത് 1200000 രൂപ വികസനഫണ്ടും 60000 രൂപ കേന്ദ്രാവിഷ്കൃത ഫണ്ടും വകയിരുത്തിയാണ് പ്രൊജക്റ്റ് തയ്യാറാക്കിയത്.തൻവർഷം ഈ ആവശ്യത്തിന്ന കേന്ദ്രാവിഷ്കൃത ഫണ്ട 661176 രൂപ ലഭ്യമായിട്ടുണ്ട്. വകയിരുത്തിയ വികസനഫണ്ട മുഴുവനായും ചെലവഴിച്ചെങ്കിലും കേന്ദ്രാവിഷ്കൃത ഫണ്ട 576364 രൂപ മാത്രമാണ് വിനിയോഗിച്ചത്. തൻവർഷം വിനിയോഗിച്ചിട്ടില്ലാത്ത കേന്ദ്രാവിഷ്കൃത ഫണ്ട് തുടർന്നുള്ള പ്രൊജക്റ്റിൽ ഉൾക്കൊള്ളിച്ച് വിനിയോഗിക്കേണ്ടതാണ്.

## 3-9 പണിസ്ഥലത്തുനിന്ന് പൊളിച്ചുമാറ്റിയ സാധനങ്ങൾ പുനരുപയോഗിച്ചില്ല/ ലേലം ചെയ്തില്ല.

നി.ഉദ്യോഗസ്ഥൻ. അസി.എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ നിന്നും പൊളിച്ചെടുത്ത സാധനങ്ങൾ പുനരുപയോഗിക്കുകയോ ലേലം നടത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടുകയോ ചെയ്തിട്ടില്ല.വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം | പ്രവൃത്തി | ഇനം | പൊളിച്ചു മാറ്റിയ സാധനം | പ്രവൃത്തിക്ക് നൽകിയ തുക |
|---|---|---|---|---|
| 1 | കിളിക്കോട് മുക്കട്ട SC കോളനി കടിവെള്ളപദ്ധതി. 30/15. | 1<br>2 | കരിങ്കല്ല് 12.10 m3<br>കമ്പി. 55.19 kg | ബിൽ 81/15-16 /30-3-16 |

| | | | | |
|---|---|---|---|---|
| | കൺവീനർ. ദിനേശ് ബാബു. | | | 99146 രൂപ |
| 2 | നരിയക്കംപോയിൽ സബ്സെന്റർ നവീകരണം 248/15<br>കൺവീനർ.മുഹമ്മത് ബാബു. | 1 | ഓട് 843 എണ്ണം | 84/15-16 /30-3-16<br>180654രൂപ |

മേൽ ഇനങ്ങളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-10 ഇടപാടുകൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ടുകൾ സംബന്ധിച്ച്.

31.3.2016 -ന ഗ്രാമ പഞ്ചായത്തിന്റെതായി വിവിധ ബാങ്കുകളിലുള്ളതും കാര്യമായ ഇടപാടുകൾ നടക്കാത്തതുമായ അക്കൗണ്ടുകൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1.ഉവ്വൂർ സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട്നമ്പർ 3250 .

31.3.2016 – ന 84688 രൂപ ബാലൻസുള്ള ഈ അക്കൗണ്ടിൽ 31.3.2012- ന ശേഷം ഇടപാടുകൾ രേഖപ്പെടുത്തിക്കാണുന്നില്ല.

2. എസ്.ബി.ടി അക്കൗണ്ട്നമ്പർ 5715.

31.3.2016 – ന 8726 രൂപ ബാലൻസുള്ള ഈ അക്കൗണ്ടിൽ 18.10.2013- ന ശേഷം ഇടപാടുകൾ രേഖപ്പെടുത്തിക്കാണുന്നില്ല.

3. പി.എൻ.ബി അക്കൗണ്ട്നമ്പർ 88196.(എസ്.എസ്.എ).

31.3.2016 – ന 195036 രൂപ ബാലൻസുള്ള ഈ അക്കൗണ്ടിൽ 18.4.2013- ന ശേഷം ഇടപാടുകൾ രേഖപ്പെടുത്തിക്കാണുന്നില്ല.

4. കേരള ഗ്രാമീൺ ബാങ്കിലെ 6920 (ലിറ്ററസി) നമ്പർ അക്കൗണ്ട്.

31.3.2016-ലെ ബാലൻസ് - 784 രൂപ. മിനിമം ബാലൻസ് ഇല്ലാത്തതിനാൽ ജനവരി 2016 മുതൽ എല്ലാ മാസവും 46 രൂപ ബാങ്ക് ഈടാക്കുന്നുണ്ട്.22.9.2016 -ലെ ബാലൻസ് 523 രൂപ മാത്രംമാണ്.

5.മലപ്പുറം ജില്ലാ സഹകരണ ബാങ്ക് അക്കൗണ്ട്നമ്പർ 200046 (കറന്റ് അക്കൗണ്ട്).

31.3.2016 – ന 174622 രൂപ ബാലൻസുള്ള ഈ അക്കൗണ്ടിൽ 20.10.2012- ന ശേഷം ഇടപാടുകൾ രേഖപ്പെടുത്തിയിട്ടില്ല. 20.10.2012 -ന 174771 രൂപ ബാലൻസ് ഉണ്ടായിരുന്നു. ഓരോ അർദ്ധവർഷവും ഫോലിയോ ചാർജ് 23 രൂപ ബാങ്ക് ഈടാക്കുന്നുണ്ട്.

6. കേരള ഗ്രാമീൺ ബാങ്കിലെ 7907 (പ്ലാൻ) നമ്പർ അക്കൗണ്ട്.

ഈ അക്കൗണ്ടിൽ 8.4.2013 -ന്ന 276500 രൂപയും 10.4.2013 – ന്ന 342455 രൂപയും 25.4.2013-ന്ന 48662 രൂപയും നിക്ഷേപിച്ചതും 7.3.2015 – ന്ന 86900 രൂപ പിൻവലിച്ചതുമല്ലാതെ അക്കൗണ്ടിൽ 2.4.2011-ന്ന ശേഷം മറ്റു ഇടപാടുകൾ രേഖപ്പെടുത്തിക്കാണുന്നില്ല.31.3.16-ന്ന 760173 രൂപ ബാലൻസുണ്ട്.

മേൽ സൂചിപ്പിച്ച ഇടപാടുകളുടെ തരം, അക്കൗണ്ട് ബാലൻസിന്റെ ഫണ്ടിനം എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/31.10.16-ന്ന മറുപടി ലഭ്യമായിട്ടില്ല. ജി.ഒ.(പി) 177/2006 ധന. തിയ്യതി 12.4.2006- ഖണ്ഡിക 8 പ്രകാരം കക്ഷികൾക്ക് ഡി.ഡി. നൽകുന്നതിന്നു വേണ്ടി ട്രഷറിയിൽനിന്നു പിൻവലിച്ചു ബാങ്കിൽ നിക്ഷേപിക്കുന്ന പണം മാസാവസാനം വിതരണം ചെയ്യാന്കാതെ 30 ദിവസത്തിലധികമായാൽ തുക തിരികെ ട്രഷറിയിലടക്കേണ്ടതാണ്. ഈ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകകളുടെ ഉറവിടം കണ്ടെത്തി ട്രഷറിയിൽ അടയ്ക്കേണ്ടവ തിരിച്ചടച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

ഇടപാടുകളില്ലാത്ത ബാങ്ക്അക്കൗണ്ട്കൾ ക്ലോസ് ചെയ്യേണ്ടതാണ്.

## 3-11 എം.എൻ ലക്ഷംവീട് പദ്ധതി പൂർത്തുകരിച്ചില്ല.

എം.എൻ ലക്ഷംവീട് പുനരുദ്ധരണത്തിന്നായി സംസ്ഥാന ഭവനനിർമാണ ബോർഡിന്റെ 3.2.2012-ലെ P4/MNOLHS /2070/08/IV പ്രകാരം 21 ജനറൽ വീടുകൾക്ക് 21 X 75000 = 1575000 രൂപയും 8 sc വീടുകൾക്ക് 8x100000 = 800000 രൂപയുമടക്കം ആകെ 2375000 രൂപ ലഭിച്ചിട്ടുണ്ട്. ഉവ്വൂർ സർവ്വീസ് സഹകരണ ബാങ്കിലെ 3898 നമ്പർ അക്കൗണ്ടിൽ 16.3.2012-ന്ന വരവ്വെച്ച ഈ തുകയിൽ 1557500 രൂപ മാത്രമേ ഇതുവരെയായി ചെലവഴിച്ചിട്ടുള്ളൂ. ആകെ 18 ജനറൽ

ഗുണഭോക്താക്കളും 2 എസ്.സി ഗുണഭോക്താക്കളും മാത്രമേ പദ്ധതി ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളൂ. 31.3.2016 -ന്ന ഈ അക്കൗണ്ടിൽ പലിശയടക്കം 1082653 രൂപ നീക്കിയിരിപ്പുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതിന്നു നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം .

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 125000 | ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 124225 | 775 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 125000 | | 124225 | 775 |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

ഇല്ല.

### 4-4 വായ്പകൾ

(i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല.

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

ഇല്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 500 /-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 3-5 | 500 | അഫ്സൽ സാലി | 15.07.2015 |

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, | സമാഹൃത റിപ്പോർട്ട് | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|

| ഖണ്ഡിക നം | വർഷം, ഖണ്ഡിക നം | | |
|---|---|---|---|
| 2002-03 3(1) | 2006-07 , 3-71-4 | കെ.എസ്.ഇ.ബി. ഡെപ്പോസിറ്റ് പ്രവൃത്തി-വിനിയോഗ വിവരം ലഭ്യമല്ല | ബഹു. നിയമ സഭാ സമിതി പരിഗണനക്കായി എടുത്തിട്ടില്ല |
| 2002-03 3(2) | 2006-07 , 3-71-3 | പൂള്ളർ കോളനി റോഡ് - മുൻക്കൂർ കൈപ്പറ്റി ,പണി പൂർത്തിയാക്കിയില് | |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക്ഓഡിറ്റിന് സമർപ്പിച്ചതിൻെറ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാറ്റേർഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | പി.എച്ച്.സി. ഉവ്വൂർ | വിവരം ലഭ്യമാക്കിയില്ല | | | | | | |
| 2 | ഗവ.ആയുർവേദ ഡിസ്പെൻസറി,ഉവ്വൂർ | 2012 01/03/12 | സമർപ്പിച്ചിട്ടില്ല | | 12.11.2015 | കെ. എസ്.എ.എം. പി.എം. 16/1317/16 തി. 09.09. 2016 | ഇല്ല | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 40146917 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47296444 |
| വരവിനങ്ങളിലുള്ള നഷ്ടം | 10,235 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3,125 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 40,000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 10,235 | ശ്രീ.എം.വി.മോഹനൻ, സെക്രട്ടറി |
| 3-1 | 3135 | ശ്രീ.എം.വി.മോഹനൻ,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 40,000 | ശ്രീമതി.ഹഫ്സത്ത്,ഹെഡ് മിസ്ട്രസ്സ് |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.വി.മോഹനൻ, സെക്രട്ടറി | സെക്രട്ടറി,തുവ്വൂർ ഗ്രാമ പഞ്ചായത്ത് | മാഞ്ഞാം കുഴി വീട്, പുല്ലെങ്ങോട്.പി.ഒ,കാളികാവ്,മലപ്പുറം |
| ശ്രീമതി.ഹഫ്സത്ത്,ഹെഡ് മിസ്ട്രസ്സ് | ഹെഡ് മിസ്ട്രസ്സ്, | എരുത്ത് ഹൗസ്, ചെമ്പ്രശ്ശേരി ഈസ്റ്റ്, മലപ്പുറം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.എം.(6)139/2004/13.12.2011 | 10 |
| 1999-00 | എൽ.എഫ്.എം.(8)1277/2004/13.12.2011 | 11 |
| 2000-01 | എൽ.എഫ്.എം.(6)647/2005/16.12.2011 | 08 |
| 2001-02 | എൽ.എഫ്.എം.(6)1432/2005/14.10.2010 | 33 |
| 2002-03 | എൽ.എഫ്.എം.(6)1432/2005/14.10.2010 | 28 |
| 2003-04 | എൽ.എഫ്.എം.(6)1194/2008/14.10.2010 | 16 |
| 2004-05 | എൽ.എഫ്.എം.(6)1195/2008/14.10.2010 | 23 |
| 2005-06 | എൽ.എഫ്.എം.(6)776/2010 /02.12.2010 | 16 |
| 2006-07 | എൽ.എഫ്.എം.(5)/2390/2012/02.5.2013 | 10 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.എം.(6)/778/2010/19.11.2010 | 35 |
| 2008-09 | എൽ.എഫ്.എം.(5)/744/2012/ 06.6.2012 | 16 |
| 2009-10 | എൽ.എഫ്.എം.(5)/745/2012/ 07.8.2012 | 16 |
| 2010-11 | എൽ.എഫ്.എം.(5)/988/2013/ 31.10.2013 | 15 |
| 2011-12& 2012-13 | എൽ.എഫ്.എം.(24)465/2015/ 09/04/2015 | 26 |
| 2013-14& 2014-15 | കെ.എസ്.എ.എം.പി.എം24/1407/16 /14.06.2016 | 12 |

ഡെപ്യൂട്ടി ഡയറക്ടർ

## 5-1 അനുബന്ധം 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

No. KSAMPM24/3056/2016

Kerala State Audit Department.

District Audit Office, Malappuram

PIN - 676 505, Phone: 0483 2734951

e - mail. dompm.ksad@kerala.gov.in

Dated. 21-12-2016

CERTIFICATE

Certified that I have examined the Annual Financial Statement of Tuvvur Grama Panchayat for the year ended on 31.03.2016 in Malappuram District in accordance with Section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of Tuvvur Grama Panchayat for the year 2015-16 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT
MALAPPURAM.

To

1. The Director, Kerala State Audit Department, Thiruvananthapuram.
2. The Secretary, Moothedam Grama Panchayat
3. The Deputy Director of Panchayat, Malappuram
4. Office Copy.
5. Spare.

mac

നം.കെ.എസ്.എ.എം.പി.എം.24/ 3056/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി :21-12-2016

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 31.03.2016 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.

പകർപ്പ്

1. സെക്രട്ടറി, ചാലിയാർ ഗ്രാമപഞ്ചായത്ത്.

2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

4. കാര്യാലയ പ്രതി.

mac